## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *58** **26.04.2017- ൽ മറുപടിക്ക്**

## "വ്യവസായ നയം''

**ചോദ്യം** **ഉത്തരം**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**
**,, എം.ഉമ്മർ**
**,, പി.കെ.ബഷീർ**
**,, ടി.വി. ഇബ്രാഹിം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ വ്യവസായ നയം വ്യക്തമാക്കുമോ; | എ) | വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി) | 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണ്; അത് മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) | വ്യവസായസംരംഭകർക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നല്കുന്നതിന്റെയും അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷന്റെ (ഡി. ഐ. പി. പി) 2016 ലെ കണക്കുപ്രകാരം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കേരളത്തിന്റെ സ്ഥാനം 20 ആണ്. ആയത് മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ്സ് അനുകൂലമായ പരിഷ്കരണങ്ങൾ നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി ലഭിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട ആക്ട് / റൂളുകൾ, ഉത്തരവുകൾ എന്നിവയിന്മേലുള്ള സൂക്ഷ്മ പരിശോധന നടന്നുവരുന്നു. |
| സി) | 1999-ലെ സിംഗിൾ വിൻഡോ ക്ലിയറൻസ് നിയമത്തിൽ മാറ്റം ആവശ്യമാണെന്നു കരുതുന്നുണ്ടോ; വിശദമാക്കുമോ? | സി) | നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ' (ഐ എഫ് പി സി) വഴി ശക്തിപ്പെടുത്തേണ്ടതുണ്ട്. ആയതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാകളക്ടർ തലവനായി പ്രസ്തുത വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട ഒരു ജില്ലാ സമിതി രൂപീകരിക്കുന്നതാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും, ഏജൻസികളിലേയും അപേക്ഷാ ഫാറങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി ഒരു പൊതു ഏകീകൃത അപേക്ഷാ ഫാറം കൊണ്ടുവരുന്നതിനായി തീരുമാനമുണ്ട്. |

**സെക്ഷൻ ഓഫീസർ**